**മധുരമായ കുട്ടികളേ, ദിവസേന അമൃതവേളയിൽ ജ്ഞാനത്തിന്റെയും യോഗത്തിന്റയും സുഗന്ധധൂപം തെളിക്കൂ എങ്കിൽ വികാരമാകുന്ന ഭൂതം ഓടിപ്പോകും.**

**ചോദ്യം** : ഏതൊരു മറവി അനേക ഭൂതങ്ങളെ ഉള്ളിലേയ്ക്ക് കൊണ്ടുവരും?
**ഉത്തരം** : ഞാൻ ആത്മാവാണെന്ന കാര്യം മറക്കുമ്പോൾ അനേക ഭൂതങ്ങൾ ഉള്ളിൽ പ്രവേശിക്കുന്നു. ദേഹാഭിമാനമാകുന്ന ഭൂതമാണ് ഏറ്റവും വലുത്, ഇതിനു പിറകിൽ സർവ്വ ഭൂതങ്ങളും വരുന്നു, അതു കൊണ്ട് കഴിയുന്നത്രയും ദേഹീ–അഭിമാനിയായി മാറാനുള്ള പുരുഷാർത്ഥം ചെയ്യൂ.

**ഗീതം** : ഇന്ന് സർവ്വരും ഇരുട്ടിലാണ് . . . . . .

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് ഈ പാട്ടിനെക്കുറിച്ച് മനസ്സിലാക്കിത്തരുകയാണ്, അതായത് ഭക്തർ ആഗ്രഹിക്കുകയാണ്, സ്വയം ഭഗവാൻ വന്ന് നമുക്ക് നമ്മുടെത്തന്നെ സാക്ഷാൽക്കാരം ചെയ്യിപ്പിക്കട്ടേയെന്ന്. ഇപ്പോൾ നിങ്ങൾ കുട്ടികൾ സന്മുഖമിരിക്കുകയാണ്, നിങ്ങൾക്ക് ഈശ്വരനെ ലഭിച്ചിരിക്കുകയാണ്, ഈ കണ്ണുകൾകൊണ്ട് കണ്ടിട്ടുണ്ട്. ഈശ്വരനെ എങ്ങിനെയാണ് സ്വന്തമാക്കേണ്ടത്, അത് സ്വയം ഭഗവാൻ തന്നെ വന്നാണ് പറഞ്ഞുതരുന്നത് അതായത് ഈ ജ്ഞാനം നൽകുന്നത്. പറഞ്ഞുതരുന്നത് ഈ ശരീരം മുഖേനയാണ്. നിങ്ങൾ ആത്മാക്കളും ഈ ശരീരം മുഖേനയാണ് അവനവന്റെ പാർട്ട് അഭിനയിക്കുന്നത്, ശരീരമില്ലാതെ ഒരു പാർട്ടും അഭിനയിക്കാൻ കഴിയുകയില്ല. പാർട്ട് ആത്മാവുതന്നെയാണ് അഭിനയിക്കുന്നത്, ശരീരം മുഖേന. ശരീരത്തിന് ഭിന്ന–ഭിന്ന പേരുകളും വെക്കുന്നു. ആത്മാവാണെങ്കിൽ ഒന്നാണ് – ആത്മാവ് സ്വയം പറയുകയാണ്, ബാബയും മനസ്സിലാക്കിത്തരുകയാണ്, ആത്മാവ് 84 ജന്മം എടുക്കുന്നുവെന്ന്. ആത്മാവ് പറയുകയാണ് ഞാൻ ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്നെടുക്കുന്നു. ശരീരത്തിന് പറയാൻ കഴിയുകയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കിയിരിക്കുകയാണ്, നാം ആത്മാക്കളാണ്, ശരീരമല്ല. ബാബ വന്ന് നമ്മെ ആത്മാഭിമാനിയാക്കി മാറ്റുകയാണ്. ഈ ശരീരം മുഖേന ആത്മാവ് തന്നെയാണ് എല്ലാം ചെയ്യുന്നത്. ശരീരത്തിനുള്ളിൽ ആത്മാവ് പറയുകയാണ്, ഈ ശരീരത്താൽ ഞാൻ നടക്കുകയും കറങ്ങുകയും ചെയ്യുന്നു. ഞാൻ ആത്മാവ് തന്നെയാണ് ജഡ്ജിയും വക്കീലുമെല്ലാമാകുന്നത്. ആത്മാവ് പറയുകയാണ് ഞാൻ ഈ ശരീരത്തിലൂടെ രാജയോഗം പഠിക്കുന്നു, പിന്നീട് പോയി രാജാ–റാണിയുടെ വേഷമണിയുന്നു. ഇപ്പോൾ നിങ്ങളെ ആത്മാഭിമാനിയാക്കി മാറ്റുകയാണ്. ദേഹാഭിമാനത്തിൽ വരുന്നതാണ് ഒന്നാമത്തെ തെറ്റ്, പിന്നീട് ഇതിനാൽ അനേക തെറ്റുകൾ സംഭവിക്കുന്നു. ഇതിനെയാണ് ദേഹാഭിമാനമാകുന്ന ഭൂതമെന്നു പറയുന്നത്. എല്ലാ മനുഷ്യരിലും 5 ഭൂതങ്ങൾ തീർച്ചയായുമുണ്ട്. ഭൂതങ്ങളെ ഓടിക്കാനാണ് സുഗന്ധധൂപം കത്തിക്കുന്നത്. ഈ 5 വികാരങ്ങൾക്കുള്ള സുഗന്ധധൂപമാണ് – ജ്ഞാനവും യോഗവും. ഈ ഭൂതങ്ങൾ പെട്ടെന്നൊന്നും പോകുകയില്ല. ഇവരെ അഗ്നികുണ്ഡത്തിലിടുകതന്നെ വേണം എന്തെന്നാൽ ഈ 5 ഭൂതങ്ങൾ വളരെ വലിയ പഴയ ശത്രുക്കളാണ്. ബാബ പറയുകയാണ്, കുട്ടികളേ, നിങ്ങളിൽ ഈ ഭൂതങ്ങൾ പ്രവേശിച്ചിട്ട് അരക്കല്പമായി, അപ്പോൾ മുതലായിരുന്നു രാവണ രാജ്യം. ഭാരതവാസികൾ രാവണൻ ശത്രുവാണെന്ന് മനസ്സിലാക്കിത്തന്നെയാണ് കത്തിക്കുന്നത്. ഒരു പ്രാവശ്യം രാവണന്റെ മരണം നടന്നിട്ടുണ്ട്, അതുകൊണ്ടാണ് രാവണനെ കത്തിക്കുന്ന ചടങ്ങ് നടന്നു വരുന്നത്. ആ സമയത്ത് നിങ്ങൾ 5 വികാരങ്ങളുടെ മുകളിൽ വിജയം കൈവരിച്ചിരുന്നു. രാവണൻ മുർദാബാദ് ആയിരുന്നു – അരക്കല്പം. പിന്നീട് രാവണൻ എപ്പോൾ സിന്താബാദ് ആകുമെന്ന് കുട്ടികൾ ബാബയോട് ചോദിക്കുകയാണ്. കുട്ടികളേ, അരക്കല്പത്തിനുശേഷം സിന്താബാദ് ആകും, തന്റെ രാജ്യം ഭരിയ്ക്കും. പറയാറുണ്ടല്ലോ, രാമരാജ്യം വേണമെന്ന്. അങ്ങിനെയാണെങ്കിൽ ഇപ്പോൾ ആരുടെ രാജ്യമാണ്. രാവണ രാജ്യമാണല്ലോ, സത്യയുഗത്തിൽ രാവണരാജ്യം തന്നെയുണ്ടാകുകയില്ല, അവിടെ രാമരാജ്യമാണുണ്ടാകുക. ശരി, രാമ രാജ്യത്തിന് മുൻപ് ആരായിരുന്നു രാജാവും റാണിയും? ഇതും ആർക്കും അറിയുകയില്ല. രാമ, രാമ എന്നു പറയുന്നതുകൊണ്ട് രാമനെ ആദ്യം കാണിച്ചിരിക്കുകയാണ്, കൃഷ്ണനെ പിന്നീടാണ് കാണിച്ചിരിക്കുന്നത്. അവർക്ക് സത്യയുഗത്തിന്റെ അറിവു പോലുമില്ല. നിങ്ങൾ പ്രദർശിനികളിലും എഴുതിക്കാണിക്കൂ, എല്ലാവരിലും 5 ഭൂതങ്ങളുടെ പ്രവേശതയുണ്ടെന്ന്. ചുരുങ്ങിയത് 7 ദിവസമെങ്കിലും ഭട്ടിയിലിരുന്നാലെ ഈ ഭൂതങ്ങളെ അകറ്റാൻ കഴിയൂ. അവർക്ക് ജ്ഞാന–യോഗത്തിന്റെ പുകയടിക്കണം. ഇതില്ലാതെ മുക്തിയും ജീവൻമുക്തിയും ലഭിക്കുകയില്ല. ജ്ഞാനയോഗത്തിന്റെ ഇഞ്ചക്ഷൻ ഒരേയൊരു ബാബയാകുന്ന സർജ്ജന്റെ പക്കൽ മാത്രമേയുള്ളൂ. ഇപ്പോൾ ആ ജ്ഞാനം ആത്മാക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ആത്മാവ് മനസ്സിലാക്കുകയാണ് ഇപ്പോൾ

ബാബ നമ്മെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണെന്ന്. ഭഗവാൻ സ്വയം നിരാകാരനാണെങ്കിൽ കുട്ടികളും നിരാകാരരായിരിക്കും. നിരാകാരൻ ഇപ്പോൾ ഈ സാകാര ശരീരത്തിലൂടെ സാകാരി കുട്ടികൾക്ക് ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ്. നിങ്ങളിത് നല്ലരീതിയിൽ അറിയുന്നുണ്ട്. എന്നാൽ, പോകപ്പോകെ പല കുട്ടികളും ഇത് മറക്കുകയാണ്. മറക്കുന്നതിന്റെയും ഒന്നാമത്തെ കാരണമാണ് ദേഹാഭിമാനം. ഇതിനെ ഓടിക്കാൻ അമൃതവേളയിൽത്തന്നെ പുരുഷാർത്ഥം ചെയ്യണം. അമൃതവേളയിൽ ബാബയുടെ നല്ല ഓർമ്മയുണ്ടാകുന്നു. പറയാറുണ്ട്, ഓർമ്മിച്ചോർമ്മിച്ച് സുഖം പ്രാപ്തമാക്കൂ. ഇത് അമൃതവേളയിലെ സമയത്തക്കുറിച്ചാണ് പറയുന്നത്. ഭക്തരും അമൃത വേളസമയത്താണ് ഓർമ്മിക്കുന്നത്. അല്ലയോ എന്റെ മനസ്സേ, പ്രഭാതത്തിൽ രാമനെ സ്മരിക്കൂ . . . . . . ആത്മാവ് ബുദ്ധിയോട് പറയുകയാണ് രാമനെ സ്മരിയ്ക്കൂ. ഭക്തിമാർഗ്ഗത്തിൽ അങ്ങിനെ ഓരോ ശ്ലോകങ്ങൾ ഉണ്ടാക്കുന്നു. വാസ്തവത്തിൽ അങ്ങിനെയൊന്നുമില്ല. കാമവും ഭൂതമാണെന്ന് മനസ്സിലാക്കുന്നില്ല. എല്ലാവരിലും 5 ഭൂതങ്ങളുണ്ടെന്ന് നിങ്ങൾ എഴുതണം. ഒന്നാമത്തേതാണ് ദേഹാഭിമാനം. രണ്ടാമത്തേതാണ് കാമമാകുന്ന മഹാ ശത്രു. പണ്ട് സ്കൂളുകളിലും പഠിപ്പിച്ചിരുന്നു, നിങ്ങളാത്മാവാണെന്നും, ഈ ശരീരം പഞ്ചതത്വ നിർമ്മിതമാണെന്നും. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ഇപ്പോൾ ഈ പഠനങ്ങളൊന്നും തന്നെയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മുഴുവൻ പരിചയവും നൽകുകയാണ്. പ്രസിഡന്റിനെ പ്രസിഡന്റെന്നും, പ്രധാനമന്ത്രിയെ പ്രധാനമന്ത്രിയെന്നും പറയും. രണ്ടു പേരുടെയും ജോലി വേറെ വേറെയാണ്. അതേ പോലെ പരമപിതാ പരമാത്മാവിന്റെയും ത്രിമൂർത്തികളുടേയും ജോലി വേറെ വേറെയാണ്. ശിവനെ പതിത പാവനൻ എന്നു പറയപ്പെടുന്നു. ബ്രഹ്മാവിലൂടെ പതിതരെ പാവനമാക്കി മാറ്റുന്നു. അദ്ദേഹത്തിന്റെ ജോലിയാണിത്. എല്ലാവരിലും ഉയർന്നത് ശിവനാണ്. ശിവബാബ ഒരിക്കലും ജനനമരണത്തിൽ വരുന്നില്ല. ബ്രഹ്മാവിലൂടെ സേവനം ചെയ്യുന്നു. ശിവ ബാബ സദാ പവിത്രമാണ്. ബ്രഹ്മാവും വിഷ്ണുവും പുനർജന്മത്തിൽ വരുന്നു. ശിവ ബാബയാണെങ്കിൽ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. ഈ സമയത്ത് ബാബ മധുരമായ വൃക്ഷത്തിന്റെ തൈ നട്ടുകൊണ്ടിരിക്കുകയാണ്, മറ്റു ധർമ്മങ്ങളിലേയ്ക്ക് പോയവർ വീണ്ടും തിരിച്ചുവരും. ഇത്രയും കാര്യങ്ങൾ പുതിയവർക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. 7 ദിവസം ഭട്ഠിയിലിരിക്കാതെ മുക്തിയും ജീവൻമുക്തിയും ആർക്കും ലഭിക്കുകയില്ല. നിങ്ങളും ഭൂതങ്ങളെ അകറ്റാൻ എത്ര പരിശ്രമമാണ് ചെയ്തിട്ടുള്ളത്. ബുദ്ധി എപ്പോഴാണ് പവിത്രമായി മാറുന്നത്, അപ്പോൾ മാത്രമേ പവിത്രമായ ജ്ഞാനാമൃതം സൂക്ഷിക്കാൻ കഴിയൂ. നിങ്ങൾ കുട്ടികൾക്കറിയാം, ഇടക്കിടെ ബാബയുടെ ഓർമ്മ മുറിഞ്ഞുപോകുന്നു. വളരെയധികം ദേഹാഭിമാനം വന്നാൽ മിത്ര-സംബന്ധികളിലേയ്ക്ക് സ്നേഹം പോകുന്നു. മോഹത്തിന്റെ ഭൂതം ആർക്കും വരരുത്. ബാബയ്ക്ക് വളരെയധികം കുട്ടികളുണ്ട്. മോഹത്തിന്റെ അംശമേയില്ല. അറിയാം, ആത്മാവ് ഒരിക്കലും മരിയ്ക്കുന്നില്ല. ഭയം മരണത്തെപ്പറ്റിയാണ്. ആത്മാവും അവിനാശിയാണ്, പരമാത്മാവും അവിനാശിയാണ്. പരമാത്മാവ് ജനനമരണത്തിൽ വരുന്നില്ല. ബാബ പറയുകയാണ് ഞാൻ ഈ ശരീരത്തിന്റെ ലോണെടുക്കുകയാണ്. ഞാൻ ഈ ശരീരത്തിൽ ഇരിയ്ക്കുന്നതിൽ ഇദ്ദേഹത്തിന് വളരെയധികം പ്രയോജനമുണ്ട്. ഇദ്ദേഹത്തിന്റെ ആയുസ്സ് വർദ്ധിക്കുന്നു, പവിത്രമായി മാറുന്നു. ഇദ്ദേഹത്തിന്റെ എല്ലാ കുറവുകളേയും ഇല്ലാതാക്കി തികച്ചും പുതിയതാക്കി മാറ്റുന്നു. ബാബയാണെങ്കിൽ സുഖദാതാവാണ്, ഞാൻ കാരണം ഇദ്ദേഹം യോഗം പഠിക്കുന്നു, അങ്ങിനെ ആരോഗ്യവാനായി മാറുന്നു. ആരെയെങ്കിലും വഴക്കു പറയുക, ദേഷ്യപ്പെടുക എന്നത് ആസുരീയ സ്വഭാവമാണ്. സത്യയുഗത്തിൽ ഈ ചീത്ത സ്വഭാവങ്ങളൊന്നുമുണ്ടാകുകയില്ല. പേരുതന്നെ എത്ര ഒന്നാംതരമാണ് - ഹെവൻ, വൈകുണ്ഠം, പാരഡൈസ്; ക്രിസ്തുവിന് മൂവ്വായിരം വർഷം മുന്നെ ഭാരതം സ്വർഗ്ഗമായിരുന്നുവെന്ന് പറയപ്പെടുന്നു. ഈ കണക്കനുസരിച്ച് കല്പത്തിന്റെ ആയുസ്സ് കൃത്യം അയ്യായിരം വർഷമാണ്. ഈ സത്യമായ ജ്ഞാനവും സത്യനാരായണന്റെ കഥയും എത്ര സഹജമാണ്. നാം ഇപ്പോൾ നാരായണനായി മാറാനുള്ള സത്യമായ കഥ, രാജയോഗത്തിന്റെ കേൾക്കുകയാണ്. പിന്നീട് ഈ കാര്യങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിൽ പോകുന്നു, അത്ഭുതം തന്നെയല്ലേ. ഭാരതവാസികൾക്ക് അറിയുകതന്നെയില്ല ഈ ലക്ഷ്മീ-നാരായണൻ തന്നെയായിരുന്നു രാധയും കൃഷ്ണനും. അതുകൊണ്ടാണ് നാം ഈ ചിത്രങ്ങളുണ്ടാക്കിക്കൊണ്ടിരിയ്ക്കുന്നത്, മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടി. നിങ്ങൾ കുട്ടികളുടെ സെന്ററുകൾ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. വളരെയധികം പേർ സെന്ററുകൾ തുറക്കാനാഗ്രഹിക്കുന്നുണ്ട്, എന്നാൽ ചെക്കുചെയ്യണം എത്ര പേർ പഠിക്കുന്നവരുണ്ടെന്ന്? സ്കൂളുകളിൽ വിദ്യാർത്ഥികൾ വേണമല്ലോ. ആദ്യം രണ്ടോ നാലോ പേർ വന്നേക്കാം, പിന്നീട് അധികം പേർ വന്നുകൊണ്ടിരിക്കും, അങ്ങിനെ അഭിവൃദ്ധിയുണ്ടായിക്കൊണ്ടിരിക്കും. ഓരോ കവലകളിലും അമ്പലങ്ങൾ, ലോഡ്ജുകൾ മുതലായവ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പിന്നീട് ഓരോരുത്തരെ കണ്ട് വളരെ പേർ വരാൻ തുടങ്ങും. സെന്റർ തുറക്കുന്നത് വിധി പോലെയാകണമല്ലോ. തുടങ്ങുന്നതിൽ പ്രശ്നമില്ല, എന്നാൽ വിഘ്നങ്ങളും വളരെയധികം വരുന്നു, കാരണം വികാരങ്ങളാണ്. നമ്മളിവിടെ ഗീതയാണ് കേൾപ്പിക്കുന്നത്. പക്ഷെ തുടക്കത്തിൽ തന്നെ വികാരങ്ങളുടെ കാരണത്താൽ വഴക്ക് നടന്നുകൊണ്ടേയിരിക്കുകയാണ്. അവർ

ചിന്തിക്കുകയാണ്, ഇവിടെ പോയാൽ വിഷം കുടിക്കാൻ ലഭിക്കുകയില്ല. ഇതിനെക്കുറിച്ച് മീരയുടെ ഇതിഹാസവുമുണ്ട്. അങ്ങിനെയാണെങ്കിൽ വളരെ കന്യകമാരും കുമാരന്മാരും ബ്രഹ്മചാരികളായി കഴിയുന്നുണ്ട്, അവരെ ആരും ഒന്നും പറയുന്നില്ല. കല്പം മുന്നെയും ഇതുപോലെ നിന്ദകൾ കേട്ടിട്ടുണ്ട്, ഇത് ഇങ്ങിനെ സംഭവിക്കുകതന്നെ വേണം. ചിലരാണെങ്കിൽ പവിത്രതയുടെ പ്രതിജ്ഞയെടുത്ത്, പിന്നീട് തോറ്റുപോകുന്നു. ഇത് കല്പ-കല്പത്തിന്റെ ലോട്ടറിയാണ്. ഇതിൽ നിർണ്ണയിക്കപ്പെടുകയാണ് കല്പ-കല്പം ബാബയിൽ നിന്ന് എത്ര സമ്പത്തെടുക്കുന്നുവെന്ന്. ചിലയിടങ്ങളിൽ കാമ വികാരം പൂർത്തീകരിക്കപ്പെടാത്തതു കാരണം ക്രോധത്തിൽ വന്ന് കുഴപ്പങ്ങളുണ്ടാക്കുന്നു. വളരെയധികം പ്രശ്നങ്ങളുണ്ടാക്കുന്നു, അടിക്കുക കൂടിച്ചെയ്യുന്നു, പിന്നീട് കാര്യങ്ങൾ ഗ്രഹിക്കുമ്പോൾ ക്ഷമയും ചോദിക്കുന്നു. എന്നാലും ഉപദ്രവിക്കുന്നവർക്കും ഉപകാരം ചെയ്യുന്നു. അവരോട് പറയും, വീണ്ടും പുരുഷാർത്ഥം ചെയ്യൂ എന്ന്. അപകാരികളെ ഉപകാരം നൽകി ഉയർത്തുന്നത് വളരെ ശ്രേഷ്ഠമാണ്. ദയാലുവായി മാറണം. ആദ്യമാദ്യം ആത്മാഭിമാനി സ്ഥിതിയുണ്ടാക്കുന്നതിൽ പരിശ്രമം വേണ്ടിവരുന്നു. ദേഹാഭിമാനിയാകുമ്പോൾ ബാബയെ മറക്കുന്നു, പിന്നീട് വളരെയധികം തെറ്റുകളും സംഭവിക്കുന്നു. ഓരോരുത്തരുടേയും ചലനത്തിൽ നിന്ന് കാര്യങ്ങൾ വ്യക്തമാകുന്നു. വായിൽ നിന്ന് സദാ രത്നങ്ങൾ പൊഴിച്ചുകൊണ്ടിരിക്കണം, കല്ലുകളല്ല. മുൻപ് കല്ലുകളാണ് വീണിരുന്നത്. ഇപ്പോൾ രത്നങ്ങൾ വീഴണം. നിങ്ങളുടെ പേരുതന്നെ രൂപ-വസന്തെന്നാണ്. ബാബയും രൂപ-വസന്തമാണ്, ജ്ഞാനസാഗരനുമാണ് കൂടാതെ അദ്ദേഹത്തിന്റെ രൂപത്തെ ജ്യോതിർലിംഗമായാണ് കാണിയ്ക്കുന്നത്. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ഒന്നാമതായി ആത്മ-അഭിമാനിയായി മാറുന്നതിന്റെ പരിശ്രമം ചെയ്യണം. ഒരിക്കലും ദേഹാഭിമാനത്തിൽ വരരുത്. ദയാലുവായിമാറി അപകാരികൾക്കും ഉപകാരം ചെയ്യണം.

2. ഭൂതങ്ങളെ അകറ്റാൻ അമൃതവേളയിൽ വിശേഷ ഓർമ്മിയിലിരിക്കാൻ പുരുഷാർത്ഥം ചെയ്യണം. മധുരമായ വൃക്ഷത്തിന്റെ തൈ നടുന്നതിൽ ബാബയുടെ സഹായിയായി മാറണം.

## വരദാനം:- പരിധിയില്ലാത്ത വൈരാഗ്യവൃത്തിയിലൂടെ എന്റേതെന്ന ഭാവത്തിന്റെ റോയൽ രൂപത്തെ സമാപ്തമാക്കുന്നവരായ നിർമോഹിയും സ്നേഹിയുമായി ഭവിക്കട്ടെ

സമയത്തിന്റെ സമീപതയനുസരിച്ച് വർത്തമാനസമയത്തിന്റെ അന്തരീക്ഷത്തിൽ പരിധിയില്ലാത്ത വൈരാഗ്യം പ്രത്യക്ഷരൂപത്തിലുണ്ടാകേണ്ടത് ആവശ്യമാണ്. യഥാർഥ വൈരാഗ്യവൃത്തിയുടെ അർഥമാണ്-സർവരുടെയും സംബന്ധസമ്പർക്കത്തിൽ എത്രയും സ്നേഹിയോ അത്രയും നിർമോഹി. ആരാണോ നിർമോഹിയും സ്നേഹിയും അവർ നിമിത്തവും വിനയവുമുള്ളവരാകുന്നു,അവരിൽ എന്റേതെന്ന ഭാവം വരികയില്ല. വർത്തമാനസമയത്ത് എന്റേതെന്ന ഭാവത്തിന്റെ റോയൽ രൂപത്തിൽ വർധിച്ചിരിക്കയാണ്- പറയും ഇതെന്റെ തന്നെ ജോലിയാണ്, എന്റെ തന്നെ സ്ഥലമാണ്, എനിക്ക് ഭാഗ്യമനുസരിച്ച് ലഭിച്ചതാണ് ഈ സാധനങ്ങളെല്ലാം...അപ്പോൾ ഇനി ഇങ്ങനെയുള്ള റോയൽ രൂപത്തിലെ എന്റേതെന്ന ഭാവത്തെ സമാപ്തമാക്കൂ.

## സ്ലോഗൻ:-പരചിന്തനത്തിന്റെ പ്രഭാവത്തിൽ നിന്നു മുക്തമാകണമെങ്കിൽ ശുഭചിന്തനം ചെയ്യൂ ശുഭചിന്തകരാകൂ.

## മാതേശ്വരിജിയുടെ അമൂല്യമഹാവാക്യങ്ങൾ- നമ്മൾ ബ്രാഹ്മണകുലത്തിന്റെ ചെറു ലോകം

**ഗീതം:** എന്റേത് നോക്കൂ ഇങ്ങനെയുള്ള ചെറുലോകമാണ്...ഈ ഗീതം ഏതോ സമയത്ത് പാടിയിട്ടുള്ള

പൗത്രരാണ്. ബ്രഹ്മാ സരസ്വതിയുടെ മുഖസന്താനമാണ്. വിഷ്ണു ശങ്കരൻമാർ നമ്മുടെ വലിയ ജ്യേഷ്ഠം രാണ്. നാം പരസ്പരം ഏവരും സഹോദരീസഹോദരൻമാരാണ്. ഇതാണ് നമ്മുടെ ചെറുലോകം...ഇതിനപ്പുറം മറ്റൊരു സംബന്ധവും രചിച്ചിട്ടേയില്ല. ഈ സമയത്താണെങ്കിൽ ഇത്രയേറെ സംബന്ധങ്ങളാണ്. നോക്കൂ നമ്മുടെ സംബന്ധം എത്ര വലിയ അതോറിറ്റിയുടേതാണ്. നമ്മുടെ മുത്തച്ഛനാണ് ശിവബാബ, ഈ പേര് എത്ര ഘനപ്പെട്ടതാണ് അത് മുഴുവൻ മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്. സർവാത്മാക്കളുടെയും മംഗളകാരിയായതിനാൽ അദ്ദേഹത്തെ പറയുന്നു ഹര ഹര ഭോലാനാഥ, ദേവൻമാരുടെയും ദേവൻ മഹാദേവൻ ശിവൻ. അത് സൃഷ്ടിയുടെ മുഴുവൻ ദുഖഹർത്താവാണ്, സുഖകർത്താവാണ്. ശിവനിലൂടെ നമുക്ക് സുഖ ശാന്തി പവിത്രതയുടെ വലിയ അവകാശം ലഭിക്കുന്നു. ശാന്തിയിൽ പിന്നെ ഒരു കർമബന്ധനത്തിന്റെയും കാര്യം വരുന്നില്ല. പക്ഷേ ഇതു രണ്ടും നേടുന്നത് പവിത്രതയുടെ ആധാരത്തിലാണ്. പിതാവിന്റെ അനന്തരാവകാശത്തിന്റെ പൂർണസമ്പത്തു നേടി പിതാവിന്റെ സർട്ടിഫിക്കറ്റു നേടാത്തിടത്തോളം സമ്പത്തു നേടാനാവില്ല. നോക്കൂ ബ്രഹ്മാവിനു മേൽ എത്ര വലിയ ജോലിയാണ്, മ്ലേച്ഛമായ 5 വികാരങ്ങളുടെ അഴുക്കു പിടിച്ച അപവിത്ര ആത്മാക്കളെ പുഷ്പം പുഷ്പമാക്കുന്നു. ആ അലൗകിക കർത്തവ്യത്തിനു പ്രതിഫലമായി പിന്നെ സത്യയുഗത്തിന്റെ ആദ്യ നമ്പർ ശ്രീകൃഷ്ണ പദവി ലഭിക്കുന്നു. ഇപ്പോൾ നോക്കൂ ആ പിതാവിനൊപ്പം നിങ്ങൾക്ക് എത്ര സംബന്ധമാണ്! അപ്പോൾ എത്ര നിശ്ചിന്തരും സന്തുഷ്ടരുമാകണം. ഇനി ഓരോരുത്തരും തന്റെ ഹൃദയത്തോടു ചോദിക്കൂ നാം പൂർണരീതിയിൽ ആ പിതാവിന്റേതായോ? ശരി–ഓം ശാന്തി.